ഈരാറ്റുപേട്ടയിലേയ്ക്ക് 106 കിലോമീറ്ററുമുണ്ട്. അത്രയും ഡിസ്റ്റൻസ് മറ്റ് ഡിപ്പോകളുമായിട്ടുണ്ട്. 50 ട്രിപ്പ് കെ.എസ്.ആർ.ടി.സി.-യുടെ ബസുകൾ ഇന്നിപ്പോൾ കട്ടപ്പനയിൽ വരുന്നുണ്ട്. അപ്പോൾ തീർച്ചയായും മറ്റ് സൗകര്യങ്ങൾ കൂടി ബഹുമാനപ്പെട്ട എം.എൽ.എ. ഇടപെട്ട് അവിടെ ചെയ്തു തരണം. കട്ടപ്പനയിൽ കെ.എസ്.ആർ.ടി.സി.-യുടെ ഒരു സബ് ഡിപ്പോ ആരംഭിക്കുന്നതാണ്.

(8) ശ്രീകൃഷ്ണപുരത്തെ കുടിവെള്ള പദ്ധതികളുടെ പ്രവർത്തനം ത്വരിതപ്പെടുത്തുന്നത് സംബന്ധിച്ച്

ശ്രീമതി ഗിരിജാ സുരേന്ദ്രൻ : സർ, വരൾച്ചാബാധിത ജില്ലയായി പ്രഖ്യാപിച്ച പാലക്കാട് ജില്ലയിലെ ശ്രീകൃഷ്ണപുരം നിയോജകമണ്ഡലത്തിലെ തുടങ്ങിവച്ച കുടിവെള്ള പദ്ധതികൾ പൂർത്തിയാക്കി ജനങ്ങൾക്ക് കുടിവെള്ളം എത്തിക്കുന്നതിനുവേണ്ടിയുള്ള അടിയന്തിര നടപടികൾ സ്വീകരിക്കണമെന്നാണ് ഈ സബ്മിഷനിലൂടെ ഞാൻ ആവശ്യപ്പെടുന്നത്. വർഷങ്ങൾക്ക് മുമ്പ് പ്രവർത്തനങ്ങൾ ആരംഭിച്ചു എന്നല്ലാതെ കാര്യമായ പുരോഗതി അവിടെ വരാത്തതിൽ ജനങ്ങൾ അസംതൃപ്തരാണ്. ശ്രീകൃഷ്ണപുരം, കടമ്പഴിപ്പുറം, വെള്ളിനേഴി, പൂക്കോട്ടുകാവ് ഗ്രാമപഞ്ചായത്തുകളിലെ ജനങ്ങൾക്ക് കുടിവെള്ളം എത്തിക്കാൻ എൽ.ഐ.സി.-യുടെ സഹായത്തോടെ നടപ്പാക്കുന്ന 25 കോടിയുടെ പദ്ധതിക്ക് തുടക്കം കുറിച്ചപ്പോൾ അന്ന് അതിൽ പങ്കെടുത്ത മന്ത്രി പറഞ്ഞത് അതിന്റെ ഒന്നാം ഘട്ടം ഡിസംബർ മാസം പൂർത്തിയാകും എന്നാണ്. രണ്ട് ഡിസംബർ മാസം കഴിഞ്ഞിട്ടും അതിന്റെ പ്രവർത്തനം എവിടേയും എത്തിയില്ല. എപ്പോൾ ചോദിച്ചാലും ടാങ്ക് നിർമ്മിച്ചു കൊണ്ടിരിക്കുയാണെന്ന സാങ്കേതിക തടസ്സമാണ് പറയുന്നത്. അതിന്റെ പ്രവർത്തനം എവിടെവരെ എത്തി എന്ന് മനസ്സിലാക്കാൻ കഴിയുന്നില്ല. അതുപോലെ ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റ് അധികാരത്തിലിരിക്കുമ്പോഴാണ് കരിമ്പടം ഗ്രാമപഞ്ചായത്തിലെ ഏഴരക്കോടി രൂപയുടെ ശുദ്ധജലവിതരണ പദ്ധതി ആരംഭിച്ചത്. അതിപ്പോൾ എവിടെയും എത്താതെ ജനങ്ങൾക്ക് കുടിവെള്ളം കിട്ടാത്ത അവസ്ഥയാണ്. കാരാക്കുറിശ്ശി, തച്ചമ്പാറ, കാഞ്ഞിരപ്പുഴ ഗ്രാമപഞ്ചായത്തുകൾക്ക് കുടിവെള്ള പദ്ധതിയുണ്ട്. ഒമ്പതരക്കോടി രൂപയുടെ പദ്ധതിയാണ് കാരാക്കുറിശ്ശിയിൽ. ഗ്രാമപഞ്ചായത്ത് സ്ഥലം വാങ്ങി ഡിപ്പാർട്ടുമെന്റിന് വിട്ടുകൊടുത്തിട്ടുണ്ട്. ഇതുവരെ സ്ഥലം ഇല്ല എന്നായിരുന്നു പരാതി. പക്ഷേ ഡിപ്പാർട്ടുമെന്റ് ആണെങ്കിൽ ആ സ്ഥലം ഏറ്റെടുത്തു. എന്നാൽ അവിടെ കുടിവെള്ളമെത്തിക്കാൻ ടാങ്ക് നിർമ്മിച്ചു കൊണ്ടുള്ള പദ്ധതിയുടെ നടത്തിപ്പിന് വേഗത പോരാ. ചെർപ്പുശ്ശേരി ഗ്രാമപഞ്ചായത്തിലേത് 40 ലക്ഷം രൂപയുടെ ഒരു പദ്ധതിയാണ്. അത് പുതുക്കി പണിയുന്നതിനുള്ള പദ്ധതിയാണ്. അത് എവിടെയും എത്തിയിട്ടില്ല. 20 ലക്ഷം രൂപയുടെ ഉലിയം കുടിവെള്ള പദ്ധതി ചെർപ്പുശ്ശേരിയിലുണ്ട്. അതിന് പൈപ്പ് ഇട്ടിട്ടുണ്ട് എന്നല്ലാതെ മറ്റ് നടപടികൾ ഒന്നും തന്നെ വന്നിട്ടില്ല. ഏറ്റവും കൂടുതൽ വരൾച്ച ബാധിക്കുന്ന ഒരു ജില്ല എന്നുള്ള നിലയ്ക്കും കുടിവെള്ള ക്ഷാമത്തിന് രൂക്ഷത അനുഭവപ്പെടുന്ന പ്രദേശം എന്നുള്ള നിലയ്ക്കും ഈ പദ്ധതികൾ തുടങ്ങുക എന്നുള്ളതല്ല, പൂർത്തിയാക്കുക എന്നുള്ളതിന് ഗൗരവം കൊടുത്തുകൊണ്ട് അടിയന്തിരമായി ഈ പദ്ധതികൾ പൂർത്തിയാക്കി ജനങ്ങൾക്ക് കുടിവെള്ളം എത്തിക്കാനുള്ള നടപടി സ്വീകരിക്കണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്.

LIBRARY ARCHIVES Kerala Legislative Assembly

ജലവിഭവവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ) : സർ, ബഹുമാനപ്പെട്ട അംഗം പറഞ്ഞതിനോട് പൂർണ്ണമായും യോജിക്കുകയാണ്. Factual ആയിട്ടുള്ള contribution കൂടി വേണം. നേരത്തെ ഇവിടെ സൂചിപ്പിച്ച പദ്ധതികൾക്ക് 2001 മാർച്ച് മാസത്തിലാണ് ഭരണാനുമതി കിട്ടിയത്. എന്നുപറഞ്ഞാൽ അതിൽ പൊളിറ്റിക്സ് പറയുകയാണ് എന്ന് തെറ്റിദ്ധരിക്കരുത്. ശ്രീകൃഷ്ണപുരം നിയോജകമണ്ഡലത്തിൽ ആറ് ശുദ്ധജലവിതരണ പദ്ധതികളാണ് നിർമ്മാണത്തിലുള്ളത്. (1) റോവാട്ടർ സപ്ലൈ സ്കീം കരിമ്പടം. എൽ.ഐ.സി.-യുടെ ധനസഹായത്തോടെ നടപ്പിലാക്കുന്ന ഈ പദ്ധതിയുടെ പമ്പ്ഹൗസ്, സംഭരണി, കിണർ, ക്ളിയർവാട്ടർ പമ്പിംഗ് മെയിൻ എന്നീ ഘടകങ്ങളുടെ പണി പൂർത്തിയായിട്ടുണ്ട്. റോവാട്ടർ പമ്പിംഗ് മെയിൻ, ക്ളിയർവാട്ടർ ഗ്രാവിറ്റി മെയിൻ എന്നിവയുടെ പ്രവൃത്തികളുടെ എസ്റ്റിമേറ്റ് തയ്യാറായിട്ടുണ്ട്. 4 എം.എൽ.ഡി. ശേഷിയുള്ള ശുദ്ധീകരണശാലയും 7.69 എം.എൽ.ഡി. കപ്പാസിറ്റിയുള്ള ജല സംഭരണിയുടേയും പ്രവൃത്തി ടെൻഡർ ചെയ്യുന്നതിന് എൻ.ഐ.ടി. തയ്യാറായിട്ടുണ്ട്. ക്ളിയർ വാട്ടർ സമ്പ്-ന്റെ പണി 40% പൂർത്തിയായിട്ടുണ്ട്. 4.89 എം.എൽ.ഡി. കപ്പാസിറ്റിയുള്ള ഉപരിതല സംഭരണിയുടെ പണി 10% മാത്രമേ ആയിട്ടുള്ളൂ. ആകെ 61 കിലോമീറ്റർ വിതരണ ശൃംഖലയുടെ ഏഴ് കിലോമീറ്ററിന്റെ പണി പൂർത്തിയായിട്ടുണ്ട്. പമ്പിംഗ് മെയിൻ, ട്രാൻസ്മിഷൻ മെയിൻ, വിതരണ ശൃംഖല എന്നിവയ്ക്കാവശ്യമായ പൈപ്പുകൾ ഇനിയും ലഭിക്കേണ്ടതായിട്ടുണ്ട്. രണ്ടാമത്തേത് റൂറൽ വാട്ടർ സപ്ലൈ സ്കീം ശ്രീകൃഷ്ണപുരം, മൂന്നാമത്തേത് റൂറൽ വാട്ടർ സപ്ലൈ സ്കീം വെള്ളിനേഴി, നാലാമത്തേത് റൂറൽ വാട്ടർ സപ്ലൈ സ്കീം പുക്കോട്ടുകാവ്, അടുത്തത് കടമ്പഴിപുറം ഒന്നും രണ്ടും സ്റ്റേജ് ഇതാണ് ഈ പ്രവൃത്തികൾ. ഇതിൽ മേൽപ്പറഞ്ഞ 4 പദ്ധതികൾ എൽ.ഐ.സി. ധനസഹായത്തോടുകൂടിയുള്ള പദ്ധതികളാണ്. ഇതിനകത്ത് വന്നിരിക്കുന്ന പ്രധാന പ്രശ്നം എൽ.ഐ.സി. ധനസഹായത്തോടുകൂടിയുള്ള എല്ലാ പദ്ധതികൾക്കും 40% മാത്രമെ അവിടെ നിന്ന് പണം കിട്ടൂ. അവശേഷിക്കുന്ന 60% ഫണ്ടിംഗ് നമ്മുടെ സ്റ്റേറ്റ് ഫണ്ട് സിസ്റ്റത്തിൽ നിന്ന് കിട്ടണം. അപ്പോൾ സാമ്പത്തിക പ്രയാസങ്ങളാണ് ഇതിനകത്തുള്ള പ്രധാന പ്രശ്നം. ബഹുമാനപ്പെട്ട അംഗം പറഞ്ഞത് പൂർണ്ണമായി അംഗീകരിച്ചുകൊണ്ട് ഈ സാമ്പത്തിക ബാദ്ധ്യതകളെ എങ്ങനെ മറികടക്കാമെന്ന് നോക്കി പ്രായോഗികമായൊരു സമീപനം ധനലഭ്യതയുടെ അടിസ്ഥാനത്തിലെടുക്കുന്നതാണ്. ബഹുമാനപ്പെട്ട അംഗം പറഞ്ഞതുകൊണ്ട് അതുസംബന്ധിച്ച് വേണമെങ്കിൽ ഉദ്യോഗസ്ഥന്മാരെക്കൂടി ഇരുത്തി ഒരു ചർച്ച നടത്തി എങ്ങനെ പരിഹാരം ഉണ്ടാക്കാൻ കഴിയുമെന്നതിനെക്കുറിച്ചാലോചിക്കാവുന്നതാണ്.

(9) റോഡുവക്കത്ത് പരസ്യബോർഡുകൾ സ്ഥാപിക്കുന്നതിനെ തുടർന്നുണ്ടാകുന്ന അപകടം ഒഴിവാക്കുന്നതിന് നടപടി

ശ്രീ. ലൂഡി ലൂയിസ്: സർ, പൊതുജനങ്ങൾക്കും, വാഹന യാത്രക്കാർക്കും അപകടഭീഷണി ഉയർത്തി റോഡരികിൽ, നടപ്പാതയിൽ സ്ഥാപിക്കുന്ന പരസ്യ ബോർഡുകൾക്ക് നിയന്ത്രണം ഏർപ്പെടുത്തണമെന്നും മതിയായ സുരക്ഷിത മാർഗ്ഗങ്ങൾ സ്വീകരിക്കാതെ സ്ഥാപിച്ചിരിക്കുന്ന പരസ്യ ബോർഡുവീണ് അപകടം സംഭവിക്കുന്ന സാധാരണക്കാരായ ജനങ്ങൾക്ക് നഷ്ടപരിഹാരം ലഭ്യമാക്കണമെന്നുമാണ് ഈ സബ്മിഷനിലൂടെ ഞാൻ ആവശ്യപ്പെടുന്നത്. ഫുട്പാത്തിലൂടെപ്പോലും

LIBRARY ARCHIVES Kerala Legislative Assembly